ശ്രീ. പി. കെ. കുഞ്ഞച്ചൻ : ശർക്കര, കാപ്പിപ്പൊടി മുതലായ സാധനങ്ങളും ഇതിൽ ഉൾപ്പെടുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ലിസ്റ്റ് മാർച്ച് 22-ാം തീയതിയിലെ ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്.

തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടൽ.

* 69. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ :

(എ) ഗവണ്മെൻറ് കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ പ്രഖ്യാപിച്ചിരുന്നതിനു വിപരീതമായി തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടൽ ഉണ്ടായിട്ടുണ്ടോ ;

(ബി) വിതുരയിൽ പൊന്നാൻചുണ്ട് റബ്ബർ എസ്റ്റേറ്റിൽ 1955 മേയ്, ജൂൺ മാസങ്ങളിൽ നടന്ന തൊഴിൽ സമരത്തിൽ പോലീസ് ഇടപെട്ടതായി പരാതികൾ ലഭിച്ചിട്ടില്ലേ ;

(സി) പരാതികളുടെ സ്വഭാവമെന്താണ് ;

(ഡി) എന്തു നടപടി സ്വീകരിച്ചു ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) മൻ ജോലിക്കാരുടെ സത്യാഗ്രഹത്തിൽ പോലീസുകാർ അനാവശ്യമായി ഇടപെടുന്നു എന്നാണ് പരാതി.

(ഡി) പരാതി അടിസ്ഥാനരഹിതമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : വിതുരയിൽ പൊന്നാൻചുണ്ട് എസ്റ്റേറ്റിൽ നടന്ന സംഭവം എന്താണ് ?

ശ്രീ. എ. ജെ. ജോൺ : കമ്മ്യൂണിസ്റ്റ്പാർട്ടിയിൽപ്പെട്ട ആളുകൾ അവിടെ ഒരു ബഹളം ഉണ്ടാക്കിയതിനെ തുടർന്നു പോലീസ് ഇടപെടേണ്ടതായിട്ടു വന്നിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കമ്മ്യൂണിസ്റ്റ്പാർട്ടിയിൽപ്പെട്ട ആളു 'ഇല്ലാ മറവ ഇങ്ങാ ഉണ്ട്' ബഹളം ഉണ്ടാക്കിയതെന്ന വിവരം ഗവണ്മെൻറിനു അറിയാമോ ?

ശ്രീ. എ. ജെ. ജോൺ : അറിഞ്ഞുകൂടാ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : തൊഴിൽത്തർക്കങ്ങളിൽ പോലീസ് നേരിട്ട് ഇടപെടുന്നതായിട്ടു പരാതിയുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : തൊഴിൽത്തർക്കങ്ങളിൽ ഇടപെടാൻ പാടില്ലെന്നു നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ അതോടു അനുബന്ധിച്ചു മറവ ബഹളങ്ങളും ഉണ്ടാകുകയാണെങ്കിൽ പോലീസിനു ഇടപെടേണ്ടതായി വരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : വിതുര പൊന്നാൻചുണ്ട എസ്റ്റേറ്റിൽ നിരാഹാരസത്യഗ്രഹം നടത്തിയ സത്യഗ്രഹിയെ അറസ്റ്റ ചെയ്തതായിട്ട അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : നിരാഹാരസത്യഗ്രഹം നടത്തുമ്പോൾ അല്ല അറസ്റ്റ ചെയ്തത്. പിക്കറ്റ ചെയ്തപ്പോൾ ആണ് അറസ്റ്റ ചെയ്തത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സത്യഗ്രഹത്തിന്റെ പതിനാറാമത്തെ ദിവസം അദ്ദേഹത്തെ അറസ്റ്റ ചെയ്തു എന്ന പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : ഡാക്ടരുടെ നിർദ്ദേശപ്രകാരം ആശുപത്രിയിലേക്ക മാറ്റി.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പോലീസ് വാനിലാണോ മാറ്റിയത്?

ശ്രീ. എ. ജെ. ജാൺ : നിശ്ചയമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ സമരം സംബന്ധിച്ച് എത്ര കേസുകൾ ഉണ്ട് ?

ശ്രീ. എ. ജെ. ജാൺ : രണ്ടുകേസുകൾ.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : പ്രതികളിൽ എം. എൽ. എ. മാർ വല്ലവരുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : രണ്ടുപേരുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : അവരുടെ പേരിലുള്ള ചാർജ്ജ് അടിസ്ഥാനരഹിതമാണെന്ന പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ : അതു കോടതിയാണ് തീരുമാനിക്കേണ്ടത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ചാർജ്ജ് തെറ്റാണെന്ന് പരാതി പ്പെട്ടപ്പോൾ അതു അന്വേഷിക്കേണ്ട ചുമതലയില്ലേ?

ശ്രീ. എ. ജെ. ജാൺ : അതാണ ഞാൻ പറഞ്ഞത്. കോടതിയാണ് തീരുമാനിക്കേണ്ടത്. ഗവണ്മെൻറിനു അതിൽ ഇടപെടാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കോടതിയിലുള്ള കേസുകൾ എക്സിക്യൂട്ടീവ് ഇടപെട്ട് പിൻവലിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ചിലപ്പോൾ അങ്ങനെ ചെയ്യാറുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അതുപോലെ ഇതു ചെയ്യുകൂടേ?

ശ്രീ. എ. ജെ. ജാൺ : ഇതിൽ അതിന്റെ ആവശ്യം ഇല്ല.

ശ്രീ. കെ. സി. ജോർജ്ജ് : ഇതിൽ പോലീസുകാർ ഇടപെട്ടിട്ടുണ്ടോ എന്ന അന്വേഷിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അതിന്റെ ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ കെ. സി. ജോർജ്: അനേഷിക്കാതെ എങ്ങനെ മനസ്സിലാകും പോലീസുകാർ ഇടപെട്ടിട്ടില്ലെന്നു്?

ശ്രീ. എ. ജെ. ജോൺ: അല്ലാതെതന്നെ ഗവണ്മെൻറിനു് മനസ്സിലായിട്ടുണ്ടു്.

കൃഷിനികുതിയിളവു്.

* 70. [6] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരകൃഷിമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55-ൽ കൃഷിനാശമുണ്ടായതിന്റെ പേരിൽ സംസ്ഥാനത്തെവിടെയെങ്കിലും ഗവണ്മെൻറിനു ലഭിക്കേണ്ടതായ നികുതിയിനത്തിൽ ഇളവു ചെയ്തുകൊടുക്കുകയോ ഗവണ്മെൻറിൽനിന്നും കൃഷിക്കാർക്കു ധനസഹായം നൽകുകയോ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) വെള്ളംയണിക്കായൽ നിലങ്ങളിൽ 1129-ൽ വെള്ളപ്പൊക്കംമൂലം കൃഷി നശിച്ചുപോയതുകൊണ്ടു് നികുതി ഇളവുചെയ്തുകിട്ടണമെന്നു് അവിടത്തെ കർഷകർ നിവേദനം നടത്തിയിട്ടുണ്ടോ;

(ഡി) അതിന്മേൽ ഗവണ്മെൻറു് എന്തു നടപടിയെടുത്തു?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഭൂനികുതി ഇളവു ചെയ്തിട്ടില്ല. ധനസഹായം ചെയ്തിട്ടുണ്ടു്.

(ബി) ധനസഹായം ചെയ്തിട്ടുള്ളതു് കോട്ടയം താലൂക്കിൽ കൈപ്പുഴ വില്ലേജിലാണു്.

(സി) ഉണ്ടു്.

(ഡി) ഗവണ്മെൻറിന്റെ പര്യാലോചനയിലിരിക്കുന്നു.

ശ്രീ. പി. വിശ്വംഭരൻ: എത്രകാലമായി പരാതി കിട്ടിയിട്ടു്?

ശ്രീ. എ. ജെ. ജോൺ: തീയ്യതി നല്ല നിശ്ചയമില്ല.

ശ്രീ. പി. ആർ. മാധവൻപിള്ള: വെള്ളപ്പൊക്കംമൂലം നശിച്ച സ്ഥലങ്ങളിലെ നികുതി ഇളവുചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ലാൻഡ്ടാക്സ് ഇളവുചെയ്തു കൊടുത്തിട്ടുണ്ടു്.

മരച്ചീനി സഹകരണസംഘങ്ങൾ.

* 71. [7] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു 1955 ആഗസ്റ്റ് 15-ാം തീയതി വരെ എത്ര മരച്ചീനി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(ബി) ഈ സംഘങ്ങളെല്ലാം കൂടി എത്ര ടൺ മരച്ചീനി ശേഖരിക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly